2682
15/2/20

CE | DCE | AO | AA | JS

**കേരള പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ദക്ഷിണ മേഖല**
**സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടി ഉത്തരവ്**

**(ഹാജർ. സാബു.ആർ)**

വിഷയം: പൊതുമരാമത്ത് വകുപ്പ് - നിലവിലുള്ള 'എ' ക്ലാസ് ലൈസൻസ് റദ്ദു ചെയ്തു നിരതദ്രവ്യം തിരികെ നൽകുന്നതിനുള്ള അപേക്ഷ.
സൂചന: ശ്രീ. ജോസ്.ഡി , ലിനു ഭവൻ, വലിയപാടം, വേലന്തറ .പി.ഒ, വെസ്റ്റ് കല്ലട, കൊല്ലം സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ. ഇ1/പിഡബ്ല്യൂഡി(ബി)എസ്.സി.-തിരു./16/2020 തീയതി: 04.02.2020**

12/2/20

ശ്രീ. ജോസ്.ഡി , ലിനു ഭവൻ, വലിയപാടം, വേലന്തറ .പി.ഒ, വെസ്റ്റ് കല്ലട, കൊല്ലം ഈ ഓഫീസിലെ ബി.എസ്.സി/119/2012-13 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 'എ' ക്ലാസ് കരാറുകാരനാണ്. ടിയാന് സാമ്പത്തിക ബുദ്ധിമുട്ടുകളെ തുടർന്ന് പണികൾ ഏറ്റെടുത്ത് നടത്തുവാൻ ബുദ്ധിമുട്ടായതിനാൽ തന്റെ ലൈസൻസ് റദ്ദ് ചെയ്ത് ആയതിന്റെ ഉറപ്പിലേയ്ക്കായി വെച്ചിരിക്കുന്ന നിരതദ്രവ്യം തിരികെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ടിയാൻ തന്റെ ലൈസൻസ് കാർഡും തിരികെ സമർപ്പിച്ചിരിക്കുകയാണ്.

ടി അപേക്ഷ പരിഗണിച്ച് ശ്രീ. ജോസ്.ഡി , ലിനു ഭവൻ, വലിയപാടം, വേലന്തറ .പി.ഒ, വെസ്റ്റ് കല്ലട, കൊല്ലം എന്നയാളുടെ 31/03/2020 വരെ പ്രാബല്യമുള്ള ടി ലൈസൻസ് ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. ഉത്തരവാകുന്ന തീയതി മുതൽ 6 മാസത്തിനകം, ടി കരാറുകാരന്റെ പേരിൽ മേൽപടി ലൈസൻസ് പ്രാബല്യത്തിലുണ്ടായിരുന്ന കാലാവധിയിൽ എന്തെങ്കിലും വിധത്തിലുള്ള ബാദ്ധ്യതകൾ സർക്കാരിലേയ്ക്ക് ഉണ്ടെങ്കിൽ ആയത് രേഖാമൂലം ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. ആയത് സമയത്തിനുള്ളിൽ ലഭിക്കാത്ത പക്ഷം, ടി കരാറുകാരന്റെ പേരിൽ യാതൊരു വിധ ബാദ്ധ്യതകളും ഇല്ലായെന്ന തീരുമാനത്തിൽ ടി ലൈസൻസിന്റെ ഉറപ്പിലേയ്ക്കായി കെട്ടി വച്ചിട്ടുള്ള നിരതദ്രവ്യം നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ മടക്കി നൽകുന്നതാണ്. കാലാവധിയ്ക്കു ശേഷം കിട്ടുന്ന മറുപടിയ്ക്ക് ഈ ഓഫീസിന് യാതൊരുവിധ ഉത്തരവാദിതത്തവുമില്ലാത്തതാണെന്നും ഇതിനാൽ തെര്യപ്പെടുത്തുന്നു.

DBG

സൂപ്രണ്ടിംഗ് എഞ്ചിനീയർ

Received on 17/02/2020

സ്വീകർത്താവ്:

ശ്രീ. ജോസ്.ഡി ,
ലിനു ഭവൻ, വലിയപാടം,
വേലന്തറ .പി.ഒ, വെസ്റ്റ് കല്ലട
കൊല്ലം

1. ചീഫ് എൻജിനീയർ, ഭരണവിഭാഗം, തിരുവനന്തപുരം (ഐ റ്റി സെൽ)
2. പൊതുമരാമത്ത് വകുപ്പിലും, ഇറിഗേഷൻ വകുപ്പിലും, തദ്ദേശ സ്വയംഭരണ വകുപ്പിലും ഉള്ള മുഴുവൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക്
3. ഈ സർക്കിളിനു കീഴിലുള്ള എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്
4. ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് കീഴിലുള്ള സെൻട്രൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്
5. ഈ ഓഫീസിലെ ഡ്രോയിംഗ് ബ്രാഞ്ച് സെക്ഷനുകളിൽ
6. ചീഫ് എഞ്ചിനിയർ ഹാർബർ ഇഞ്ചിനീയറിംഗ് വകുപ്പ് തിരുവനന്തപുരം
7. ഡയറക്ടർ തുറമുഖവകുപ്പ് തിരുവനന്തപുരം
8. തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എറണാകുളം

ഈ ഓഫീസിലെ ഉത്തരവ് കൈപ്പറ്റിയതിന്റെ രസീത് സമർപ്പിയ്ക്കുന്നതോടൊപ്പം ടി കരാറുകാരനെ സംബന്ധിച്ച എന്തെങ്കിലും ബാദ്ധ്യതകൾ ഉണ്ടെങ്കിൽ ആയത് ആറു മാസത്തിനകം രേഖാമൂലം നൽകേണ്ടതാണ്. ടി വിശദാംശം ആറു മാസത്തിനകം ലഭ്യമായില്ലെങ്കിൽ കരാറുകാരന് നൽകുവാനുള്ള നിരതദ്രവ്യം തിരികെ നൽകുന്നതാണെന്നും അതിനു ശേഷം ലഭിയ്ക്കുന്ന മറുപടികൾക്ക് ഈ ഓഫീസ് ഉത്തരവാദിയല്ലായെന്നും ആയതിനെ സംബന്ധിച്ച് ഇനി ഒരു അറിയിപ്പും ഉണ്ടാകുന്നതല്ലായെന്നും ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

Bis/